DESPATCHED On..11/4/22...

6/4/22



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

## തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 17(1)/2022/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നമ്പർ: 450/SIC-G4/2022)

(ഉത്തരവുകൾ **sic.kerala.gov.in** -ൽ ലഭ്യമാണ്)

സന്നിഹിതൻ

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ഏപ്രിൽ 6**

ശ്രീ. അഴകത്ത് തോമസ് ജോസ്,
അഴകത്ത് ഹൗസ്,
ചെമ്മലമറ്റം പി.ഒ.,
കോട്ടയം – 686 508. } അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അഡീഷണൽ പോലീസ് സൂപ്രണ്ട്,
ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയം,
ഇടുക്കി.

2) അപ്പീൽ അധികാരി & ജില്ലാ പോലീസ് മേധാവി,
ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയം,
ഇടുക്കി. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 14/10/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 20/11/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 03/12/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 15/12/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 09/12/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 10/01/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 20/01/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 01/02/2022 |
| ഹിയറിംഗ് നടന്ന തീയതി | 05/04/2022 -വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

ശ്രീ. അഴകത്ത് തോമസ് ജോസ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും ആവശ്യപ്പെട്ട വിവരങ്ങളും രേഖകളും ലഭിച്ചിട്ടില്ലെന്നും ആയതിനാൽ എതിർകക്ഷികൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

a. ബഹു. കേരള ഹൈക്കോടതിയിൽ സർക്കാർ പ്ലീഡർ ഇ.സി. ബിനീഷ് മുഖേന, ഇടുക്കി ജില്ലാ പോലീസ് മേധാവിയും, ഇടുക്കി ക്രൈംബ്രാഞ്ച് ഡി.വൈ.എസ്.പി.യും WP(C)20490/2021 നമ്പർ കേസിൽ നൽകിയ മറുപടിയിൽ ബോധിപ്പിച്ചത്, ഒരു വ്യാജ സീൽ ഉണ്ടാക്കിയ കേസും, സൈബർ കേസും, ഐ.എ.എസ് അസോസിയേഷന്റെ പരാതിയും ഒക്കെ ടിയാന്റെ ഭാര്യയുടെയും മകന്റെയും പേരിൽ ഉണ്ടെന്നും ടി കേസുകൾക്ക് കാരണമായ പരാതികളുടെ നമ്പർ, പരാതികളുടെ കോപ്പി, എഫ്.ഐ.ആർ.കളുടെ കോപ്പി, എഫ്.ഐ. സ്റ്റേറ്റ്മെന്റുകളുടെ കോപ്പി, ടി കേസുമായി ബന്ധപ്പെട്ട് ഐ.എ.എസ്. അസോസിയേഷൻ നൽകിയ പരാതിയുടെ കോപ്പി, ഐ.എ.എസ് അസോസിയേഷന് ഐ.എ.എസ് ഉദ്യോഗസ്ഥ നൽകിയ പരാതിയുടെ കോപ്പി, പോലീസിന് ലഭിച്ച പരാതികളുടെ കോപ്പി എന്നിവയുടെ സർട്ടിഫൈഡ് കോപ്പി നൽകണമെന്നും

b. ബഹു. കേരള ഹൈക്കോടതിയിൽ സർക്കാർ പ്ലീഡർ ഇ.സി. ബിനീഷ് മുഖേന, ഇടുക്കി ജില്ലാ പോലീസ് മേധാവിയും, ഇടുക്കി ക്രൈംബ്രാഞ്ച് ഡി.വൈ.എസ്.പി.യും WP(C)20490/2021 നമ്പർ കേസിൽ നൽകിയ മറുപടിയിൽ പറഞ്ഞിരിക്കുന്ന കഴിഞ്ഞ 5 വർഷത്തിൽ കൂടുതലായി ഇന്ത്യയിൽ വന്നിട്ടില്ലാത്ത, ഇന്ത്യൻ ജൂറിസ്ഡിക്ഷൻ അധികാര പരിധിയിൽ ഇല്ലാത്ത ആളിനെ കേസിൽ പ്രതിയായി ചേർക്കാനും, ആളിനെകുറിച്ച് വിദേശത്ത് അന്വേഷണങ്ങൾ നടത്തുവാനും കേരളാ പോലീസിനുള്ള അധികാരം ഏതൊക്കെ വകുപ്പുകൾ പ്രകാരം ആണെന്നും എന്ത് നിയമം അനുസരിച്ചാണെന്നും

c. ബഹു. കേരള ഹൈക്കോടതിയിൽ സർക്കാർ പ്ലീഡർ ഇ.സി. ബിനീഷ് മുഖേന, ഇടുക്കി ജില്ലാ പോലീസ് മേധാവിയും, ഇടുക്കി ക്രൈംബ്രാഞ്ച് ഡി.വൈ.എസ്.പി.യും WP(C)20490/2021 നമ്പർ കേസിൽ നൽകിയ മറുപടിയിൽ, ഒരു കേസ് നിലവിലുണ്ടെങ്കിൽ ഏതു കോടതിയിൽ, ഏതു നമ്പറിലാണ് പോലീസ്/ക്രൈം ബ്രാഞ്ച് എഫ്.ഐ.ആർ. നൽകിയിട്ടുള്ളതെന്നും എന്നാണ് നൽകിയിട്ടുള്ളതെന്നും എന്നാണ് ടി പരാതിക്ക് കാരണമായ സംഭവം നടന്നതെന്നും മറ്റുമായി 'എ' മുതൽ 'യു' വരെയുള്ള വിവരങ്ങളാണ്.

RIGHT TO INFORMATION

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 20.11.2021 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ വിവരാവകാശ നിയമം 8(ജി), (എച്ച്), (ജെ) എന്നീ വകുപ്പുകൾ പ്രകാരം നൽകുവാൻ നിർവ്വാഹമില്ലെന്നാണ്. മേൽപ്പടി മറുപടി തൃപ്തികരമല്ലാത്തതിനാൽ വിവരാവകാശ നിയമപ്രകാരം ടിയാൻ ആവശ്യപ്പെട്ട രേഖകൾ ലഭിക്കുന്നതിന് ടിയാന് അവകാശമുണ്ടെന്നും ആയതിനാൽ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഹർജിക്കാരൻ 03.12.2021 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷയ്ക്ക് 15.12.2021 തീയതി രണ്ടാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു.

4. അപ്പീൽ ഹർജി, ബന്ധപ്പെട്ട രേഖകൾ, നേരിൽ കേട്ട വേളയിൽ ഒന്നാം എതിർകക്ഷി ബോധിപ്പിച്ച വസ്തുതകൾ എന്നിവ കമ്മീഷൻ പരിശോധിച്ചു. ഒരു പൊതു അധികാരിയുടെ കൈവശമുള്ളതോ അവർക്ക് നിയമാനുസൃതം പ്രാപ്യമാകുന്നതോ ആയ വിവരങ്ങൾ ലഭ്യമാക്കുക, വിവരം നൽകാൻ കഴിയാത്ത കേസുകളിൽ എടുക്കുന്ന തീരുമാനങ്ങൾ കാര്യകാരണ സഹിതം രേഖാമൂലം അപേക്ഷകനെ അറിയിക്കുക എന്നിവയാണ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ പ്രധാന ചുമതലകൾ. സാങ്കൽപ്പിക ചോദ്യങ്ങൾ, രേഖകളുടെ വിശദീകരണം, വ്യാഖ്യാനം, സ്പഷ്ടീകരണം, വിവരാവകാശ ഓഫീസറുടെ വ്യക്തിപരമായ അഭിപ്രായം/ഉപദേശം തേടുന്ന ചോദ്യങ്ങൾ, വിവരങ്ങൾ ക്രോഡീകരിച്ച് നൽകണമെന്ന ആവശ്യം, ഭരണപരമായ നടപടി സ്വീകരിച്ച് വിവരം സൃഷ്ടിച്ച് നൽകേണ്ട കാര്യങ്ങൾ സുദീർഘവും സങ്കീർണ്ണവുമായ ചോദ്യങ്ങൾ ചോദിക്കുക പരാതിക്ക് പരിഹാരം ആവശ്യപ്പെടുക ഇവയൊന്നും വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന കാര്യങ്ങളുമല്ല. എന്നാൽ ഇത്തരം ഗണത്തിൽ വരുന്ന വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ളതാണ് ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിലെ മിക്ക ഇനങ്ങളെന്നും കാണുന്നു. ഇത്തരം ചോദ്യങ്ങൾ വിവരാവകാശ നിയമപ്രകാരം പരിഗണനാർഹമല്ലെങ്കിലും ഇത്തരം ഗണത്തിൽപ്പെടാത്ത മറ്റ് ഇനങ്ങൾക്കും വിവരാവകാശ നിയമം 8(1), (ഇ), (ജി), (എച്ച്), (ജെ) എന്നീ വകുപ്പുകൾ പ്രകാരം വിവരം നിഷേധിച്ചിട്ടുള്ളതായി കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിലെ 'എ മുതൽ യു' വരെയുള്ള ഇനങ്ങൾ ഒന്നാം എതിർകക്ഷി ഒരിക്കൽ കൂടി വിശദമായി പരിശോധിച്ച് വിവരാവകാശ നിയമപ്രകാരം നിഷേധിക്കേണ്ടതല്ലാത്തതും, തുടർന്ന് വരുന്ന അന്വേഷണത്തേയോ, കോടതി കേസുകളെയോ ബാധിക്കാത്തതുമായ വിവരാവകാശ നിയമപ്രകാരം ലഭ്യമാക്കാൻ കഴിയുന്ന വിവരങ്ങൾ/രേഖകൾ 20.4.2022-നകം ഹർജിക്കാരന് സൗജന്യമായി നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഏപ്രിൽ 6–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM